# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *258 08.05.2017 -ൽ മറുപടിക്ക്**

## ദേശീയപാത വികസനം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീമതി.ഗീതാ ഗോപി**<br>**ശ്രീ.മുല്ലക്കര രത്നാകരൻ**<br>**,, വി.ആർ. സുനിൽ കുമാർ**<br>**,, മുഹമ്മദ് മുഹസിൻ പി** | **ശ്രീ. ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി)** |
| (എ) ദേശീയപാത വികസനം സംബന്ധിച്ച് സർക്കാരിന്റെ നയം വ്യക്തമാക്കുമോ; | (എ) ഈ സർക്കാർ നിലവിൽ വന്ന ശേഷം ബഹു.മുഖ്യമന്ത്രി നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയിലെ ഉദ്യോഗസ്ഥരുമായി നിരവധി തവണ കൂടിക്കാഴ്ചകൾ നടത്തി മുടങ്ങിക്കിടന്നിരുന്ന ദേശീയപാത – 17 ന്റേയും 47 ന്റേയും 4 വരിപ്പാതയായി വികസിപ്പിക്കാനുള്ള നടപടികൾ ത്വരിതപ്പെടുത്തുകയുണ്ടായി. ഇതനുസരിച്ച് ഈ ദേശീയപാതകളുടെ അലൈൻമെന്റിൽ വേണ്ട പരിഷ്ക്കാരങ്ങൾ വരുത്തി 45 മീറ്ററിൽ തന്നെ സ്ഥലമേറ്റെടുക്കുന്നതിനുള്ള നടപടികളെടുക്കുകയും ചെയ്തു. അതനുസരിച്ച് കാസർഗോഡ്, കണ്ണൂർ ജില്ലകളിലെ സ്ഥലമെടുപ്പ് അവസാന ഘട്ടത്തിലെത്തിയിട്ടുണ്ട്. നിർമ്മാണ പ്രവൃത്തി കൾക്കുള്ള ടെൻഡർ നടപടികൾ മേയ് മാസത്തോടെ ആരംഭിക്കുവാനിരിക്കുന്നു. കൂടാതെ തലശ്ശേരി - മാഹി ബൈപ്പാസ്, കോഴിക്കോട് ബൈപ്പാസിന്റെ 4 വരിപ്പാതയാക്കൽ എന്നീ പ്രവൃത്തികളുടെ ടെൻഡർ നടപടികൾ എടുത്തു വരുന്നു. കേന്ദ്ര സർക്കാർ അനുമതി നൽകിയതനുസരിച്ച് സംസ്ഥാനത്തെ മറ്റ് എല്ലാ ദേശീയപാതകളും (എൻ.എച്ച് 49, എൻ.എച്ച് -208, എൻ.എച്ച് - 212, എൻ.എച്ച് - 213, എൻ.എച്ച് - 220, എൻ.എച്ച് - 183 എ, എൻ.എച്ച് - 185 (എ)) എന്നിവ പേവ്ഡ് ഷോൾഡറോടു കൂടിയ 2 വരിപ്പാതയായി വികസിപ്പിക്കുവാനുള്ള വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കി വരുന്നു. ഇതിൽ പാലക്കാട് ജില്ലയിലെ നാട്ടുകൽ മുതൽ ചന്ദ്രനഗർ വരെയുള്ള 46.72 കി.മീ, ഇടുക്കി ജില്ലയിലെ മൂന്നാർ മുതൽ ബോഡിമേട്ടുവരെയുള്ള 42.28 കി.മീറ്ററിന്റേയും ടെണ്ടർ നടപടികൾ പൂർത്തിയായി. നിർമ്മാണ പ്രവൃത്തികൾ ഉടനെ തന്നെ |

ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) കഴക്കൂട്ടം - തലപ്പാടി (കാസർഗോഡ്) ദേശീയപാത വികസനം എത്ര മീറ്റർ വീതിയിലായിരിക്കും എന്നറിയിക്കുമോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) കഴക്കൂട്ടം മുതൽ തലപ്പാടി വരെ ദേശീയപാതയുടെ വികസനം 45 മീറ്റർ വീതിയിൽ നാലുവരിപ്പാതയായിട്ടാണ് നടത്താൻ ഉദ്ദേശിച്ചിട്ടുള്ളത്.

(സി) പ്രസ്തുതപാത വികസിപ്പിക്കുമ്പോൾ നാലു വരിയാണോ ആറു വരിയാണോ എന്ന് തീരുമാനിക്കുന്നത് വാഹനത്തിരക്കും ജനസാന്ദ്രതയും കണക്കിലെടുത്തായിരിക്കുമോ; വ്യക്തമാക്കുമോ?

(സി) വാഹനസാന്ദ്രത കണക്കിലെടുത്ത് പ്രസ്തുത പാത നാലു വരിയായിട്ടാണ് വികസിപ്പിക്കുന്നത്.

S. Bindu

**സെക്ഷൻ ഓഫീസർ**